ഏജൻസി പണി തീർത്തതായി പ്രഖ്യാപിക്കുകയും ചെയ്തു. നബാർഡ് ആർ.ഐ.ഡി.എഫ്.-ൽ ഉൾപ്പെടുത്തി 20 കോടി രൂപയുടെ ധനസഹായം നൽകാമെന്ന് സമ്മതിച്ചെങ്കിലും 15.27 കോടി രൂപ മാത്രമാണ് റിലീസ് ചെയ്തത്. ബാക്കി തുകയായ 4.73 കോടി രൂപ നാളിതുവരെ തന്നിട്ടില്ല. എന്നാൽ സർക്കാർ ഫണ്ടിൽ ഉൾപ്പെടുത്തി ഏകദേശം 38.9 കോടി രൂപയുടെ പ്രവർത്തനങ്ങൾ ഈ പണം ഉൾപ്പെടുത്തി ചെയ്ത് തീർത്തിട്ടുണ്ട്. ഇങ്ങനെ ഭരണാനുമതി ലഭിച്ച ആദ്യത്തെ പ്രവൃത്തികൾക്കുപുറമേ ചെയ്തു തീർത്ത ഏകദേശം 9 കോടി രൂപയുടെ പ്രവൃത്തികൾക്കും നാളിതുവരെ സർക്കാരിൽനിന്നും ഭരണാനുമതി ലഭിച്ചിട്ടില്ല. കെ.ഡി.എ. സർക്കാരിന് സമർപ്പിച്ചതനുസരിച്ച് പുതിയ എസ്റ്റിമേറ്റിന് അനുമതി ഇല്ലാതെയാണ് ഈ പണികളൊക്കെ ചെയ്തത്. മേൽപ്പടി പദ്ധതിപ്രകാരം പണി പൂർത്തീകരിച്ചെങ്കിലും കരാറുകാർക്ക് ഏകദേശം 5.7 കോടി രൂപ കൊടുത്തു തീർക്കാനുണ്ട്. ചില കേസുകൾ ഉൾപ്പെടുന്ന പണികൾ പുനരാരംഭിച്ച് ചെയ്ത് തീർക്കാനായി അഡ്വാൻസ് തുക കഴിച്ച് ഇനി 2.13 കോടി രൂപ കൂടി ആവശ്യമായി വരുന്നുണ്ട്. അങ്ങനെ ഏകദേശം 7.83 കോടി രൂപ അത്യാവശ്യമായി സർക്കാർ അനുവദിക്കണമെന്ന് കാണിച്ച് കെ.എൽ.ഡി.സി. ഗവൺമെന്റിന് എഴുതിയിട്ടുണ്ട്. ഈ പണികളിൽ പലതും ഗവൺമെന്റിന്റെ അനുമതി ഇല്ലാത്തതും അതുപോലെ നേരത്തെ അനുമതി വാങ്ങാതെ കൊടുത്ത പണം മറ്റാവശ്യങ്ങൾക്ക് തിരിച്ചെടുക്കുകയും ചെയ്തിട്ടുള്ളതാണ്. ഏതായാലും ഇത് സംബന്ധിച്ച് ഈ ഗവൺമെന്റ് എങ്ങനെ ഈ പണം കൊടുത്തു തീർക്കാമെന്ന് ആലോചിച്ചു വരികയാണ്.

ശ്രീ. എം. കെ. പോൾസൺ മാസ്റ്റർ: കേരളത്തിലെ പ്രത്യേക നെല്ലുൽപാദക കേന്ദ്രമായ തൃശൂർ കോൾ കാർഷിക മേഖലയെ രക്ഷിക്കുന്നതിന് ബഹുമാനപ്പെട്ട മന്ത്രി കുടിശ്ശിക കൊടുത്തു തീർക്കാൻ 7.83 കോടി രൂപ കൊടുക്കാൻ അടിയന്തിര നടപടി സ്വീകരിക്കുമോ?

ശ്രീമതി കെ. ആർ. ഗൗരിയമ്മ: ആലോചിച്ച് നോക്കട്ടെ. ഇതിനൊരു കമ്മിറ്റിയെ ഇവിടെ വച്ച് വിളിക്കാം. അതിനുശേഷം ആവശ്യമായ പണം കൊടുത്തു തീർക്കുന്നതിനുള്ള നടപടികൾ എങ്ങനെ വേണമെന്ന് ആലോചിക്കാം.

(2) പൂട്ടിക്കിടക്കുന്ന വ്യവസായ സ്ഥാപനങ്ങളിലെയും പരമ്പരാഗത വ്യവസായ മേഖലയിലെയും തൊഴിലാളികൾക്ക് സഹായവും സംരക്ഷണവും നൽകുന്നതിന് നടപടി

ശ്രീ. കെ.പി. രാജേന്ദ്രൻ: കേരളത്തിലെ തൊഴിലാളികളെ സംബന്ധിക്കുന്ന വളരെ ഗൗരവമുള്ള ഒരു വിഷയത്തിലേക്കാണ് ഞാൻ ഈ സഭയുടെ ശ്രദ്ധ ക്ഷണിക്കുന്നത്. ഏകദേശം രണ്ട് ലക്ഷത്തോളം തൊഴിലാളികൾ നമ്മുടെ സംസ്ഥാനത്ത് വ്യവസായ സ്ഥാപനങ്ങൾ അടച്ചുപൂട്ടിയതിന്റേയും തോട്ടങ്ങൾ അടച്ചുപൂട്ടി കിടക്കുന്നതിന്റേയും പരമ്പരാഗത വ്യവസായങ്ങളിലുണ്ടായിട്ടുള്ള പ്രതിസന്ധിയുടെയും ഫലമായി ഇന്ന് ബുദ്ധിമുട്ടിലായിരിക്കുകയാണ്. ഞാൻ അതിന്റെ വിശദമായ കണക്കുകൾ ഇവിടെ പറയുന്നില്ല. ബഹുമാനപ്പെട്ട നിരവധി അംഗങ്ങൾ ശ്രദ്ധക്ഷണിക്കൽ പ്രമേയത്തിലൂടെയും സബ്മിഷനിലൂടെയും ഈ വിഷയങ്ങൾ

LIBRARY ARCHIVES Kerala Legislative Assembly

ഇവിടെ അവതരിപ്പിച്ചിട്ടുള്ളതാണ്. നമ്മുടെ സംസ്ഥാനത്ത് തൊഴിൽ നിയമങ്ങൾ ലംഘിക്കുവാനും, നിലവിലുള്ള തൊഴിൽ സംബന്ധമായ കൂലിയും തൊഴിലാളികളുടെ മറ്റാനുകൂല്യങ്ങളുമൊക്കെ നിഷേധിക്കുവാനുള്ള പ്രവണത ഇന്ന് വ്യവസായ തൊഴിൽ മേഖലകളിലെ ഉടമകളുടെ ഭാഗത്തുനിന്ന് ശക്തമായി ഉണ്ടായിക്കൊണ്ടിരിക്കുകയാണ്. ഈ സാഹചര്യത്തിൽ കേരളത്തിലെ തൊഴിലാളികളെ സംരക്ഷിക്കാനുള്ള അടിയന്തിരമായ നടപടി സംസ്ഥാന ഗവൺമെന്റ് സ്വീകരിക്കണം എന്നാണ് ഞാൻ ബഹുമാനപ്പെട്ട ഗവൺമെന്റിനോട് അഭ്യർത്ഥിക്കുന്നത്. കേരളത്തിലെ കാർഷികമേഖല യിലുണ്ടായ തകർച്ചയുടെയും ഗവൺമെന്റ് കാണിച്ച ക്രൂരമായ അവഗണനയുടെയും ഫലമായി നൂറുകണക്കിന് കൃഷിക്കാർ ഈ സംസ്ഥാനത്ത് ആത്മഹത്യ ചെയ്യുന്ന വിവരം ഇവിടെ അടിയന്തിര പ്രമേയത്തിലൂടെ ശ്രീ. കോടിയേരി ബാലകൃഷ്ണൻ അവതരിപ്പിച്ചതാണ്. ഏകദേശം ആയിരത്തോളം കൃഷിക്കാർ ഈ സംസ്ഥാനത്ത് ആത്മഹത്യ ചെയ്തതുപോലെതന്നെ തോട്ടം മേഖലയിൽ പ്രത്യേകിച്ച് കശുവണ്ടി, കയർ വ്യവസായ മേഖലകളിലുൾപ്പെടെ ധാരാളം തൊഴിലാളികൾ ആത്മഹത്യ ചെയ്ത റിപ്പോർട്ടുകളും വന്നുകൊണ്ടിരിക്കുകയാണ്. തൊഴിലാളികളുടെ മക്കൾക്ക് വിദ്യാഭ്യാസം ചെയ്യാൻ കഴിയാത്തതിന്റെ ഫലമായി ആത്മഹത്യ ചെയ്ത റിപ്പോർട്ടുകളും ഈ സഭയിൽ ചർച്ച ചെയ്തത് ഞാൻ ആവർത്തിക്കുന്നില്ല. പൊതുമേഖലാ സ്ഥാപന ങ്ങളുൾപ്പെടെ പല വ്യവസായ സ്ഥാപനങ്ങളും അടച്ചുപൂട്ടിയതിന്റേയും വി.ആർ.എസ് കൊടുത്തതിന്റേയും ഫലമായി നിരവധി തൊഴിലാളികൾ ഇന്ന് നിരാലംബരായി രിക്കുകയാണ്. പരമ്പരാഗത വ്യവസായ മേഖലയിൽ കശുവണ്ടി രംഗത്തുള്ള തൊഴിൽ നിഷേധം, പ്രത്യേകിച്ച് ഗവൺമെന്റിന്റെ ഉടമസ്ഥതയിലുള്ള കശുവണ്ടി ഫാക്ടറികൾ ഉൾപ്പെടെ വർഷത്തിൽ ഒരു ദിവസം പോലും തൊഴിൽ കൊടുക്കാൻ കഴിയാത്ത വിധം 24 മാസം വരെ പൂട്ടിക്കിടക്കുന്ന സ്ഥിതി ഈ സംസ്ഥാനത്ത് നിലനിൽക്കുകയാണ്. കശുവണ്ടി മേഖലയിൽ മാത്രമല്ല കേരളത്തിലെ ഓട്, ബീഡി, കൈത്തറി തുടങ്ങിയ വ്യവസായമേഖലകളിൽ ഭാഗികമായി മാത്രമാണ് തൊഴിലാളികൾക്ക് തൊഴിൽ ലഭിക്കുന്നത്. അതിൽ തന്നെ ലേബർ കമ്മിറ്റികളോ മിനിമം വേജസ് കമ്മിറ്റികളോ നിശ്ചയിച്ച, ഗവൺമെന്റ് പ്രഖ്യാപിച്ചിട്ടുള്ള കൂലി പോലും ഈ നാമമാത്ര ദിവസം പണിയെടുക്കുന്ന തൊഴിലാളികൾക്ക് ലഭിക്കുന്നില്ല. അതിനേക്കാളൊക്കെ ഏറ്റവും ഗൗരവമായി' ഞാൻ ഇവിടെ ചൂണ്ടിക്കാണിക്കുന്നത് തോട്ടം വ്യവസായ മേഖലയാണ്. കേരളത്തിലെ തോട്ടം മേഖലയിൽ ഉടമകൾ തോട്ടം പൂട്ടി പോയതിന്റെ ഫലമായി 24,000-ത്തോളം തൊഴിലാളികൾക്ക് ഏതാണ്ട് 26 മാസമായി പൂർണ്ണമായും തൊഴിൽ നിഷേധിക്കപ്പെട്ടിരിക്കുന്നു. ആ മേഖലയിൽ ഗവൺമെന്റിന് ഒരു നടപടി പോലും എടുക്കാൻ കഴിയുന്നില്ല. സർക്കാർ വിളിച്ചുകൂട്ടുന്ന ചർച്ചകളിൽ പോലും ആ ഉടമകൾ പങ്കെടുക്കുന്നില്ല. ആ ഉടമകളിൽ പലരും ഇന്ന് ഈ സംസ്ഥാനത്തില്ല. അവരെല്ലാം മറ്റ് സംസ്ഥാനങ്ങളിലേക്ക് പോയി മറ്റ് മേഖലകളിലേക്ക് തിരിഞ്ഞു. ആ തോട്ടങ്ങളെല്ലാം അടച്ചുപൂട്ടി കിടക്കുകയാണ്. പീരുമേട് താലൂക്കിൽ മാത്രം 18,000-ത്തോളം തൊഴിലാളികൾക്കാണ് രണ്ട് വർഷത്തിലേറെയായി പണിയില്ലാതായിരി ക്കുന്നത്. അവർക്ക് ആത്മഹത്യ ചെയ്യുകയല്ലാതെ മറ്റ് മാർഗ്ഗങ്ങൾ ഇല്ല; ജീവിതം വഴിമുട്ടിയിരിക്കുകയാണ്. അൽപ്പം റേഷനരി കൊടുത്തതു കൊണ്ടോ എതെങ്കിലും കുട്ടികൾക്ക് സ്കൂൾ തുറക്കുന്ന സമയത്ത് ചില്ലറ ആനുകൂല്യങ്ങൾ കൊടുത്തതുകൊണ്ടോ കാര്യമില്ല. കൊടുക്കുന്നത് അത്രയും നല്ല കാര്യം.

LIBRARY ARCHIVES Kerala Legislative Assembly

അതുകൊണ്ട് മാത്രം ഈ പ്രശ്നങ്ങൾ പരിഹരിക്കപ്പെടുമോ? പ്രതിപക്ഷ ഭരണകക്ഷി അംഗങ്ങൾ ഉൾക്കൊള്ളുന്ന പാർലമെന്റിന്റെ സ്റ്റാൻഡിംഗ് കമ്മിറ്റി മെമ്പർമാർ ഈ തോട്ടം മേഖലയിലെ പ്രശ്നങ്ങൾ പഠിക്കാൻ കേന്ദ്ര ഗവൺമെന്റിന്റെ ഉത്തരവാദിത്വത്തോടുകൂടി ഇവിടെ വന്ന് തൊഴിലാളി സംഘടനകളുമായും തൊഴിലാളികളുമായും ചർച്ച ചെയ്തതിന്റെ അടിസ്ഥാനത്തിൽ റിപ്പോർട്ട് സമർപ്പിച്ചു. പക്ഷേ നിർഭാഗ്യകരമെന്ന് പറയട്ടെ, കേരളത്തിലെ തൊഴിൽ വകുപ്പുമന്ത്രിയോ മുഖ്യമന്ത്രിയോ കേരളത്തിലെ ഒരു മന്ത്രി പോലും ആ തോട്ടം മേഖലയിൽ പോയി അവരുടെ പ്രശ്നങ്ങൾ നേരിട്ട് കാണാനും ചർച്ച ചെയ്യാനും തയ്യാറായിട്ടില്ല. വയനാട് ജില്ലയിൽ മുഖ്യമന്ത്രി ആഘോഷമായി പോകുന്നു, ഇടുക്കി ജില്ലയിൽ പരിവാര സമേതം പത്ര മാധ്യമങ്ങളോടെ പോകുന്നു, പക്ഷേ ആത്മഹത്യ ചെയ്യുന്ന തൊഴിലാളികളുടെ കുടുംബങ്ങളിൽ പോയി അവരുടെ പ്രശ്നങ്ങൾ നോക്കിക്കാണാൻ, ആ കുടുംബങ്ങളെ സമാശ്വസിപ്പിക്കാൻ പോലും ഗവൺമെന്റ് തയ്യാറായിട്ടില്ല. അതിന്റെ ഫലമായി കേരളത്തിലെ രണ്ട് ലക്ഷത്തോളം തൊഴിലാളികളുടെ ജീവിതം വഴിമുട്ടി നിൽക്കുകയാണ്. പട്ടിണിക്കാരായ തൊഴിലാളികളുടെ സംഖ്യ ഇനിയും വർദ്ധിച്ചുകൊണ്ടിരിക്കുകയാണ്. ഇവിടെ നേരത്തെ വ്യവസായ വകുപ്പുമന്ത്രിയും തൊഴിൽ വകുപ്പുമന്ത്രിയും ഈ സഭാസമ്മേളനത്തിൽ പറഞ്ഞ പല റിപ്പോർട്ടുകളും വച്ച് നോക്കിയാൽ ഈ സംഖ്യ ഇനിയും വർദ്ധിക്കാൻ പോവുകയാണ്. തൊഴിൽ നിയമങ്ങൾ ലംഘിക്കുകയാണ്. തൊഴിലാളികൾക്ക് അവകാശപ്പെട്ട ആനുകൂല്യങ്ങൾ നിഷേധിക്കുകയാണ്. അത്തരം സന്ദർഭങ്ങളിൽ നിസ്സഹായാവസ്ഥയോടുകൂടി നമ്മുടെ തൊഴിൽ വകുപ്പിന് നിൽക്കേണ്ടി വരുന്ന ഗതികേടിന്റെ ചിത്രവും കാണുകയാണ്. ബീഡി വ്യവസായത്തിൽ പ്രതിസന്ധിയുണ്ടായപ്പോൾ സഖാവ് ടി. വി. തോമസ് ദിനേശ് ബീഡി സഹകരണ സ്ഥാപനം എന്ന ഒരു പ്രസ്ഥാനം ഉണ്ടാക്കി തൊഴിലാളികളെ സംരക്ഷിച്ചു. ആ വ്യവസായം സംരക്ഷിക്കാൻ വലിയൊരു പ്രസ്ഥാനം കേരളത്തിൽ രൂപം കൊണ്ടത് നമ്മുടെ മുമ്പിലുള്ള ആവേശകരമായ അനുഭവമാണ്. എന്തുകൊണ്ട് തോട്ടം മേഖലയിൽ, അതുപോലെ അടച്ചുപൂട്ടികിടക്കുന്ന തൊഴിൽ മേഖലയിൽ തൊഴിലാളികളുടെ തൊഴിലും കൂലിയും വ്യവസായവും സംരക്ഷിക്കാൻ കഴിയുന്ന വിധത്തിൽ ശക്തമായ നടപടികളെടുക്കാൻ നിയമനിർമ്മാണം ആവശ്യമാണെങ്കിൽ അതിനുപോലും മുൻകയ്യെടുക്കാൻ കഴിയുന്നില്ല? കേന്ദ്ര ഗവൺമെന്റിന്റെ പ്രത്യേക സംഘം ഇവിടെ വന്നപ്പോൾ നൽകിയ ശുപാർശയുടെ അടിസ്ഥാനത്തിൽ കേന്ദ്ര ഗവൺമെന്റും സംസ്ഥാന ഗവൺമെന്റും ആലോചിച്ച് താൽക്കാലികമായ സംവിധാനമെന്ന നിലയിൽ കുറച്ച് കാലത്തേക്കെങ്കിലും ആ തോട്ടം ഏറ്റെടുക്കാൻ ഗവൺമെന്റ് തയ്യാറാകണം. തൊഴിലാളികളുടെ തൊഴിൽ സംരക്ഷിക്കണം. കേന്ദ്രം ശുപാർശ ചെയ്തിട്ടുള്ളത് ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിൽ ഒന്നുകൂടി സമർപ്പിക്കുകയാണ്. ഈ സാഹചര്യത്തിൽ കേരളത്തിലെ തൊഴിൽ മേഖലയിലെ തൊഴിലാളികളെ സഹായിക്കാൻ നിങ്ങളുടെ തൊഴിൽ നയത്തിലും വ്യവസായ നയത്തിലും താൽക്കാലികമായി എന്തെങ്കിലും സംവിധാനമുണ്ടാക്കാൻ പോലും നിങ്ങൾ മുൻകയ്യെടുത്തിട്ടില്ല. അതുകൊണ്ട് ഞാൻ നിർദ്ദേശിക്കുകയാണ്, അടച്ചുപൂട്ടി കിടക്കുന്ന വ്യവസായ–തൊഴിൽ മേഖലകളിലെ തൊഴിലാളികളുടെ തൊഴിലും കൂലിയും സംരക്ഷിക്കാനും അവർക്ക് പ്രതിമാസ വേതനം കൊടുക്കാനുമുള്ള ആശ്വാസകരമായ സ്ഥിരം നടപടിയെടുക്കുന്നതുൾപ്പെടെയുള്ള നടപടികളും ചില സ്ഥാപനങ്ങൾ ഏറ്റെടുത്ത് തൊഴിൽ മേഖലയെ സംരക്ഷിക്കാനുള്ള നടപടികളുംകൂടി എടുക്കണമെന്ന് ഞാൻ ഈ ശ്രദ്ധക്ഷണിക്കൽ പ്രമേയത്തിലൂടെ ഗവൺമെന്റിനോട് അഭ്യർത്ഥിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി (ശ്രീ. ബാബു ദിവാകരൻ): ബഹുമാനപ്പെട്ട രാജേന്ദ്രൻ ചൂണ്ടിക്കാണിച്ച തൊഴിൽ മേഖലയെക്കുറിച്ച്, പ്രത്യേകിച്ച് തോട്ടം മേഖലയിലെ പ്രശ്നങ്ങളെ സംബന്ധിച്ച് നിരവധി തവണ സഭയിൽ മറുപടി പറഞ്ഞിട്ടുള്ളതാണ്. ശ്രീ. രാജേന്ദ്രനടക്കം വളരെ വ്യക്തമായിട്ടറിയാം. അദ്ദേഹം പറഞ്ഞു, മന്ത്രിമാരടക്കം പോയിട്ടില്ല എന്ന്. സഖാവ് രാജേന്ദ്രന്റെ പാർട്ടിയുടെ സംസ്ഥാനതല തോട്ടം തൊഴിലാളി നേതാവിനോട് ചോദിച്ചാലറിയാം, ഇന്നലെ വൈകുന്നേരവും രണ്ട്, മൂന്ന് മണിക്കൂർ ഞാൻ പീരുമേട്ടിൽ ചെലവഴിച്ച ആളാണ്. തോട്ടം മേഖലയിൽ പ്രശ്നങ്ങളുണ്ട്. പത്ത്, പന്ത്രണ്ട് തോട്ടങ്ങൾ അടഞ്ഞു കിടക്കുന്നുണ്ട്. അതിൽ 12,000-ത്തോളം തൊഴിലാളികൾക്ക് പണിയില്ലാതായിട്ടുണ്ട്. തോട്ടം മേഖലയിൽ പണിയില്ലാതായി പട്ടിണി കിടന്ന് ഒരു തൊഴിലാളിയും അവിടെ ആത്മഹത്യ ചെയ്തിട്ടില്ല. ഞാൻ വളരെ വ്യക്തമായി പറയുന്നു. ശ്രീ. രാജേന്ദ്രനും ചൂണ്ടിക്കാണിക്കാൻ കഴിയില്ല. തോട്ടം മേഖലയിൽ ആദ്യമായിട്ടല്ല പ്രതിസന്ധി യുണ്ടാകുന്നത്. പക്ഷേ ഈ ഗവൺമെന്റ് ചെയ്തതുപോലെ കേരളത്തിലെ ഒരു ഗവൺമെന്റും ചെയ്തിട്ടില്ല. ഒരുകാര്യം കൂടി ശ്രീ. രാജേന്ദ്രൻ ഓർക്കണം, കേരളത്തിൽ ഒട്ടാകെ തെരഞ്ഞെടുപ്പ് വന്നപ്പോൾ തോട്ടംമേഖല ഉൾപ്പെടുന്ന പീരുമേട് മണ്ഡലത്തിൽ ഈ ഗവൺമെന്റ് പ്രതിനിധാനം ചെയ്യുന്ന യു.ഡി.എഫ്-നാണ് ഭൂരിപക്ഷം കിട്ടിയത്. പീരുമേട് മണ്ഡലത്തിൽ തൊഴിലാളികൾ ഏറ്റവും കൂടുതൽ തിങ്ങിപ്പാർക്കുന്ന മണ്ഡലത്തിൽ യു.ഡി.എഫ്-നാണ് കൂടുതൽ വോട്ട് കിട്ടിയത്. നിങ്ങൾ മറന്നുപോകണ്ട. ഇന്നലെ ശ്രീ. അഗസ്തി അടക്കം ഞങ്ങൾ പീരുമേട്ടിൽ രണ്ട്, മൂന്ന് മണിക്കൂർ ചെലവഴിച്ചതാണ്. അടഞ്ഞുകിടക്കുന്ന തോട്ടങ്ങൾ തുറന്നു പ്രവർത്തിപ്പി ക്കുന്നതിനുവേണ്ടി എല്ലാ മാനേജുമെന്റുകളുമായും ചർച്ച നടത്തി. ഇപ്പോൾ അവിടുത്തെ സ്ഥിതിയെന്താണെന്നറിയാമോ? ഇതൊന്നും പറയണമെന്ന് ആഗ്രഹമില്ല. പക്ഷേ രാജേന്ദ്രനെ പോലുള്ളവർ പറയുമ്പോൾ പറയാതിരിക്കാനും നിവൃത്തിയില്ല. ശ്രീ. രാജേന്ദ്രനടക്കമുള്ള എ. ഐ. ടി. യു. സി.-യുടെ നേതാക്കൻമാർ തോട്ടം തുറക്കുന്നതിന് തടസ്സമായി നിൽക്കുന്നുവെന്ന് പറഞ്ഞാൽ നിങ്ങൾക്ക് നിഷേധിക്കാൻ കഴിയില്ല. അവിടെ അടഞ്ഞുകിടക്കുന്ന തോട്ടങ്ങളിലെല്ലാം തന്നെ തൊഴിലാളികൾ ഇപ്പോൾ തേയില നുള്ളിക്കൊണ്ടിരിക്കുകയാണ്. ദിവസവും മുപ്പതും നാൽപ്പതും കിലോ തേയില അവർ നുള്ളുന്നു. അതിൽ നിന്നും ഇടനിലക്കാരായ ട്രേഡ് യൂണിയൻ നേതാക്കൾ തേയില മറിച്ച് മറ്റ് സ്ഥാപനങ്ങളിലേക്ക് വിൽക്കുന്നതുകൊണ്ട് തൊഴിലാളിനേതാക്കൾ തോട്ടങ്ങൾ തുറക്കുന്നതിന് വിമുഖത കാട്ടുന്നു. അങ്ങനെയുള്ള ട്രേഡ് യൂണിയൻ നേതാക്കൻമാർ അവിടെയുണ്ടെന്ന് പറഞ്ഞാൽ രാജേന്ദ്രന് പോലും നിഷേധിക്കാൻ കഴിയില്ല. അതാണ് ഇപ്പോഴത്തെ പീരുമേട്ടിലെ പ്രശ്നം. ഞാൻ ട്രേഡ് യൂണിയൻ നേതാക്കൻമാരുമായി നിരവധി തവണ ചർച്ച ചെയ്തു. ഇപ്പോൾ തോട്ടം ഉടമകൾ വയ്ക്കുന്ന ആദ്യത്തെ ഡിമാന്റ് തേയില നുള്ളുന്ന സ്ഥിതി ഒഴിവാക്കണമെന്നാണ്. അനധികൃതമായി തേയില നുള്ളുന്നത് നിർത്തണം. ഇപ്പോൾ തേയിലയ്ക്ക് അൽപ്പം വില കൂടി വരുന്നു. തോട്ടം ഉടമകൾ തോട്ടം തുറക്കാൻ സന്നദ്ധരായി മുന്നോട്ട് വരികയാണ്. കഴിഞ്ഞ ആറ് മാസത്തിനിടയ്ക്ക് എത്ര ട്രേഡ് യൂണിയൻ നേതാക്കൻമാർ എത്ര കാശുണ്ടാക്കി എന്നുള്ളതിനെക്കുറിച്ചുള്ള കണക്ക് വേണമെങ്കിൽ ഞാൻ ഇവിടെ അവതരിപ്പിക്കാം. രാജേന്ദ്രനെപ്പോലു ള്ളവർ അങ്ങനെയൊന്നും പറയരുത്. ചരിത്രത്തിലാദ്യമായി തോട്ടം മേഖലയിലെ

LIBRARY ARCHIVES Kerala Legislative Assembly

തൊഴിലാളികളുടെ പുനരുദ്ധാരണത്തിന് വേണ്ടി 5 കോടി രൂപയാണ് ഗവൺമെന്റ് നീക്കിവച്ചത്. 5 കോടി രൂപയും കളക്ടർ ചെയർമാനായിട്ടുള്ള കമ്മിറ്റിക്ക് കൊടുത്തു. 87 ലക്ഷം രൂപ ഈ വർഷം ചെലവാക്കി. 17,000 കുട്ടികൾക്ക് യൂണിഫോം, നോട്ടുബുക്ക്, ബാഗ്, കുട എന്നിവ കൊടുത്തു. അവർക്ക് ഉച്ചഭക്ഷണം കൊടുക്കുന്നതിനുള്ള ക്രമീകരണം ചെയ്തു. ഡെയ്‌ലി പരിശോധനാ കേന്ദ്രങ്ങൾ മൊബൈൽ ഡിസ്പെൻസറി ഉപയോഗിച്ചും അല്ലാതെയും ഏർപ്പെടുത്തി. 252 മെഡിക്കൽ ക്യാമ്പുകൾ ഇതിനകം നടത്തി. ഓരോന്നോരോന്നായി എല്ലാ ഹെൽത്ത് സെന്ററുകളും ഞങ്ങൾ ഏറ്റെടുത്തുകൊണ്ടിരിക്കുകയാണ്. ഇപ്പോൾ മൂന്നോ നാലോ ഹെൽത്ത് സെന്ററുകൾ നമ്മൾ നേരിട്ട് ഈ കമ്മിറ്റി നടത്തുകയാണ്. ഇതിനകംതന്നെ 7 ലക്ഷം രൂപയുടെ മരുന്നുകൾ വാങ്ങികൊടുത്തു; 7 ലക്ഷം രൂപയുടെ മരുന്നുകൾ ഈ സെന്ററുകളിൽ വിതരണം ചെയ്തു കഴിഞ്ഞു. ഇന്നലെയും ഞാൻ അവിടെ പോയി, ഏലപ്പാറ പഞ്ചായത്തിൽ ഉൾപ്പെടുന്ന എസ്റ്റേറ്റിൽ അടഞ്ഞുകിടക്കുന്ന ഒരു ഡിസ്പെൻസറി തുറക്കുന്നതിന് ഏലപ്പാറ പഞ്ചായത്തിനോട് തന്നെ മുൻകൈ എടുക്കാൻ പറഞ്ഞു. അവർ ആ ഡിസപെൻസറി ഏറ്റെടുത്ത് നടത്തിയാൽ ആവശ്യമായ എല്ലാ മരുന്നും സംവിധാനങ്ങളും അവിടെ കൊടുക്കാവുന്നതാണ്. ഒരു കുട്ടി ആത്മഹത്യചെയ്യാൻ ഇടയായി. യൂണിഫോം ഇല്ലാത്ത വിഷമത്തിലാണ് ആത്മഹത്യ ചെയ്തത്. അതുകൊണ്ട് ഈ വർഷം മുതൽ അവിടുത്തെ ഒറ്റ സ്ക്കൂളുകളിലും യൂണിഫോം കംപൽസറി ആക്കാൻ പാടില്ല എന്ന് പറഞ്ഞു. അത് കൂടാതെ പഠിക്കുന്ന മുഴുവൻ കുട്ടികൾക്കും യൂണിഫോമും പുസ്തകങ്ങളും ആവശ്യമായ മറ്റ് സേവനങ്ങളും ചെയ്തിട്ടുണ്ട്. തോട്ടം മേഖലയിൽ ഇപ്പോൾ ഈ വർഷം പുതിയ ഒരു കാര്യംകൂടി കുടുംബശ്രീയുമായി ബന്ധപ്പെട്ട് ചെയ്തിട്ടുണ്ട്. തോട്ടം മേഖലയിലെ എല്ലാ ലയങ്ങളുമായി ചേർന്ന് പുതുതായി അവർക്ക് പശു വളർത്തലിനും കോഴി വളർത്തലിനും അവിടെ ചെയ്യാൻ കഴിയുന്ന മറ്റ് കൃഷി ഏർപ്പാടുകൾക്കുമെല്ലാം ബൃഹത്തായ ഒരു പദ്ധതി തയ്യാറാക്കിയിട്ടുണ്ട്. ഈ തോട്ടം മേഖലയിൽ എന്തെങ്കിലും പ്രശ്നം ഉണ്ടായാൽപോലും അവരുടെ കുടുംബങ്ങൾക്ക് നിലനിൽക്കാൻ കഴിയണം. അതിന് ചില പദ്ധതികളൊക്കെ ആവിഷ്ക്കരിച്ച് നടപ്പിലാക്കിയിട്ടുണ്ട്. അതുകൂടാതെ പൊട്ടിപ്പൊളിഞ്ഞു കിടക്കുന്ന ലയങ്ങൾ, സ്ഥലം ഉപേക്ഷിച്ചുപോയ തോട്ടങ്ങളിലെ ലയങ്ങൾ എല്ലാം ഞങ്ങൾ നേരിട്ട് കണ്ടതാണ്. ഈ കമ്മിറ്റിയുടെ നേതൃത്വത്തിൽ ആ ലയങ്ങൾ ഏറ്റെടുത്ത് നന്നാക്കുകയാണ്. വർഷങ്ങൾക്കു മുമ്പ് പണിത ലയങ്ങളുടെ സ്ഥിതി വളരെ ദയനീയമാണ്. അത് മാറ്റുന്നതിന് ഞങ്ങൾ ജില്ലാ-ബ്ലോക്ക്-ഗ്രാമ പഞ്ചായത്തുകളുമായി ചേർന്ന് ഈ എസ്റ്റേറ്റുകളിൽ മൂന്നോ അഞ്ചോ ഏക്കർ വരുന്ന അവർ നീക്കി വയ്ക്കുന്ന സ്ഥലത്ത് 100 ഹാബിറ്റാറ്റുകൾ, അവർക്ക് വീടുകൾ പണിത് നൽകുന്ന ഒരു സ്ക്കീം നടപ്പിലാക്കുവാൻ പോവുകയാണ്. അതിനുവേണ്ടിയുള്ള പ്രാഥമികമായ ചർച്ചകൾ എല്ലാം കഴിഞ്ഞു. അതിന്റെ നടപടികളുമായി മുന്നോട്ട് പോവുകയാണ്. മറ്റൊന്ന്, അങ്ങ് പ്രധാനമായി പറഞ്ഞ കാര്യം, അടഞ്ഞുകിടക്കുന്ന ഫാക്ടറികളിലെ തൊഴിലാളികളെ പുനരധിവസിപ്പിക്കുന്നതിനുവേണ്ടിയുള്ള നടപടിയാണ്. കഴിഞ്ഞ വർഷവും പൊതുമേഖലാസ്ഥാപനങ്ങളും സ്വകാര്യസ്ഥാപനങ്ങളും ഒരു വർഷം അടഞ്ഞു കിടന്നിടത്തെല്ലാം ഓരോ തൊഴിലാളിക്കും 1000 രൂപ വച്ച് കൊടുത്തു.

LIBRARY ARCHIVES Kerala Legislative Assembly

ഓണത്തിന് കശുവണ്ടി തൊഴിലാളികൾക്ക് 500 രൂപ വീതം കൊടുത്തു. കയർ തൊഴിലാളികൾക്ക് 200 രൂപ വീതം കൊടുത്തു. അതെല്ലാം കണ്ടുകൊണ്ട് തൊഴിലാളികളുടെ പുനരധിവാസനിധിക്ക് രൂപം കൊടുക്കാൻ ഈ വർഷം രണ്ട് കോടി രൂപ ബഡ്ജറ്റിൽ വകകൊള്ളിച്ചിട്ടുണ്ട്. അത് ഞങ്ങൾ വിപുലപ്പെടുത്താൻ ശ്രമിക്കുകയാണ്. തോട്ടം മേഖലയിൽ പ്രത്യേകമായി അവർക്ക് 5 കോടി രൂപ ഈ വർഷം കൊടുത്തു. അവരുടെ ഒരു പുനരധിവാസത്തിനുവേണ്ടി രണ്ടു കോടി രൂപ ഇതിനകംതന്നെ വകയിരുത്തിയിട്ടുണ്ട്. ഈ നിധി ഈ ഓണക്കാലത്തിനു മുമ്പ് പ്രവർത്തനക്ഷമമാക്കാനുള്ള പരിപാടികൾ തയ്യാറാക്കി അത് പ്രവർത്തന പഥത്തിലേക്ക് പോവുകയാണ്. അതു വിപുലപ്പെടുത്തേണ്ടതായിട്ടുണ്ട്. അങ്ങ് പറഞ്ഞതുപോലെ അടഞ്ഞു കിടക്കുന്ന ഫാക്ടറികളിലെ തൊഴിലാളികൾക്ക് ഏതെങ്കിലും അലവൻസ് കൊടുക്കാൻ കഴിയുമോ എന്ന് ഞങ്ങൾ പരിശോധിച്ചുവരികയാണ്. അതിനിപ്പോൾ പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന സ്ഥാപനങ്ങൾകൂടി ഈ ഫണ്ടിലേക്ക് കോൺട്രിബ്യൂട്ട് ചെയ്യണം. ഇവർക്ക് എല്ലാപേർക്കും പ്രതിമാസം ഇത്ര രൂപ വീതം കൊടുക്കുക എന്നു പറഞ്ഞാൽ അത്രയും വലിയ സാമ്പത്തിക ബാധ്യത ഏറ്റെടുക്കാൻ ഈ ഗവൺമെന്റിന് കഴിയുകയില്ല എന്നുള്ളത് ശ്രീ. കെ.പി. രാജേന്ദ്രനും അറിയാം. ആ നിധി രൂപീകരിച്ചുകൊണ്ട് അത് പ്രാവർത്തികമാക്കാൻ ഞങ്ങൾ ശ്രമിക്കുകയാണ്. അതുപോലെ തന്നെ ഈ ബഡ്ജറ്റ് പ്രസംഗത്തിൽ അതിനുവേണ്ടി പ്രത്യേകമായി വക കൊള്ളിച്ചിട്ടുള്ള തുക ഉപയോഗിച്ച് ഈ വർഷം ഓണത്തിന് മുമ്പായി പദ്ധതി നടപ്പിലാക്കാൻ ഞങ്ങൾ ശ്രമിക്കുകയാണ്. അവരെ പുനരധിവസിപ്പിക്കുന്നതിന് റീ ട്രെയിനിംഗ് ആന്റ് റീ ഡിപ്ലോയ്മെന്റ് എന്നുള്ള ഒരു പദ്ധതിയാണ് ഞങ്ങൾ ആലോചിക്കുന്നത്. നിശ്ചിത കാലത്തേക്ക് അവർക്ക് ആവശ്യമായ ട്രെയിനിംഗ് കൊടുത്ത് അവരെ പുനരധിവസിപ്പിക്കുന്നതിനുള്ള ഒരു പദ്ധതിക്ക് ഗവൺമെന്റ് രൂപം കൊടുത്തു വരികയാണ്. ഈ ഓണക്കാലത്തിനു മുമ്പായി തന്നെ അത് പ്രാവർത്തികമാക്കുമെന്ന് ഞാൻ ശ്രീ.കെ.പി.രാജേന്ദ്രനെ അറിയിക്കുന്നു.

ശ്രീ. കെ. പി. രാജേന്ദ്രൻ: പാർലമെന്ററി കമ്മിറ്റി ശുപാർശ ചെയ്തതുപോലെ താൽക്കാലികമായിട്ടാണെങ്കിലും, കുറച്ചു സമയത്തേക്കാണെങ്കിലും അടച്ചുപൂട്ടി കിടക്കുന്ന തോട്ടങ്ങൾ ഏറ്റെടുക്കാൻ ആവശ്യമായ നിയമനിർമ്മാണം നടത്താൻ ഗവൺമെൻറ് മുൻകൈ എടുക്കുമോ?

ശ്രീ. ബാബു ദിവാകരൻ: പാർലമെന്ററി കമ്മിറ്റി അങ്ങനെ ശുപാർശ ചെയ്തിട്ടില്ല. പൂട്ടിക്കിടക്കുന്ന തോട്ടങ്ങൾ ഏറ്റെടുക്കുന്നതിന് സംസ്ഥാന ഗവൺമെൻറിന് നിയമപരമായ അവകാശം ഇല്ല. കേന്ദ്ര ഗവൺമെന്റാണ് അങ്ങനെ ചെയ്യേണ്ടത്. പക്ഷേ കേന്ദ്രഗവൺമെന്റ് ഈ അടുത്ത കാലത്ത് ഒന്നും ചെയ്തതായിട്ട് അറിവില്ല. തേയില തോട്ടം മേഖലയിലെ പ്രശ്നങ്ങൾക്ക് ചില അടിയന്തിര നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കഴിഞ്ഞ ദിവസം അവതരിപ്പിച്ച ബഡ്ജറ്റിൽ ചില ആനുകൂല്യങ്ങളും മറ്റ് ക്രമീകരണങ്ങളുമൊക്കെ അവർ വരുത്തിയിട്ടുണ്ട്. പുനരധിവാസത്തിന് അല്ലെങ്കിൽ റീപ്ലാന്റിംഗിന് വേണ്ടി വളരെ കുറഞ്ഞ നിരക്കിലുള്ള പലിശയ്ക്ക് പണം കടം കൊടുക്കുന്ന നടപടിയൊക്കെ ആയിട്ടുണ്ട്. തേയിലയുടെ ഇപ്പോഴത്തെ വിലയുടെ സാഹചര്യത്തിൽ ഗവൺമെന്റ് ഇത് ഏറ്റെടുത്ത് നടത്തുക എന്നുള്ളതിന് പ്രായോഗികമായ ഒരുപാട് പ്രശ്നങ്ങളുണ്ട്. ഞങ്ങൾ ഇത് പരിശോധിച്ചതാണ്. നിയമപരമായ തടസ്സമുണ്ട്. അത് ചെയ്യേണ്ടത് കേന്ദ്ര ഗവൺമെന്റാണ്. അതിന്റെ അടിസ്ഥാനത്തിൽ

LIBRARY ARCHIVES Kerala Legislative Assembly

അവിടുത്തെ ലേലത്തെ സംബന്ധിച്ച് അവർ ചില ക്രമീകരണങ്ങൾ വരുത്തി. നമ്മുടെ സംസ്ഥാനത്തിന് ഒരു പ്രത്യേകതയുള്ളത്, മറ്റ് സംസ്ഥാനങ്ങളിൽ തേയിലയുടേത് ചെറിയ തോട്ടങ്ങളാണ്. നമുക്കാണെങ്കിൽ വലിയ പ്ലാന്റേഷൻസ് മാത്രമാണ്. കേന്ദ്ര ഗവൺമെന്റ് ഇപ്പോൾ കൊണ്ടുവന്നിട്ടുള്ള പല ആനുകൂല്യങ്ങളും നമ്മുടെ ഈ വലിയ തേയിലത്തോട്ടങ്ങൾക്ക് കിട്ടാൻ ഒരുപാട് പരിമിതികളുണ്ട്. അതിനെ അതിജീവിച്ചുകൊണ്ട് ഈ തോട്ടങ്ങൾ തുറന്നു പ്രവർത്തിപ്പിക്കുന്നതിന് ശക്തമായ നടപടി സ്വീകരിക്കുമെന്ന് ഒരിക്കൽകൂടി പറയുകയാണ്.

IV. സബ്മിഷൻ

(1) മൽസ്യത്തൊഴിലാളികൾ നേരിടുന്ന ബുദ്ധിമുട്ടുകൾ

ഡോ. എ. നീലലോഹിതദാസൻ നാടാർ: സർ, ഉറങ്ങുന്നവരെ വിളിച്ചുണർത്താം ഉറക്കം നടിക്കുന്നവരെ ഉണർത്തുക പ്രയാസമാണ്. ഉറക്കം നടിക്കുകയാണ് ഈ ഗവൺമെന്റ്. ഞാൻ ശൂന്യവേളയിൽ കർഷകരുടെ ആത്മഹത്യയെക്കുറിച്ചുള്ള പ്രശ്നം ഇവിടെ അടിയന്തിരപ്രമേയ നോട്ടീസിൽ ഉന്നയിക്കാൻ ശ്രമിച്ചപ്പോൾ ബഹുമാനപ്പെട്ട കൃഷി വകുപ്പുമന്ത്രി പറഞ്ഞ മറുപടി അങ്ങനെ ആത്മഹത്യ ചെയ്തിട്ടുണ്ടെങ്കിൽ ഇൻക്വസ്റ്റിൽ പറയാത്തപ്പോൾ എങ്ങനെയാണ് എന്നൊക്കെയാണ്. അങ്ങയുടെ നിയോജകമണ്ഡലത്തിൽപ്പെട്ട കുന്നത്തുകാൽ പഞ്ചായത്തിൽ, ഇന്നത്തെ കേരള കൗമുദി പത്രത്തിൽ എട്ടാമത്തെ പേജിൽ.....(പത്രം ഉയർത്തി കാണിച്ചു).....

മി. ഡെപ്യൂട്ടി സ്പീക്കർ: അങ്ങ് വിഷയം പറയണം. ഇത് സബ്മിഷനാണ്. അങ്ങേക്ക് രണ്ട് മിനിറ്റേയുള്ളൂ.....

ഡോ. എ. നീലലോഹിതദാസൻ നാടാർ: ആത്മഹത്യ ചെയ്തിട്ടുണ്ടെങ്കിൽ ഇൻക്വസ്റ്റിൽ പറയുന്നില്ല എന്നാണ് ബഹുമാനപ്പെട്ട മന്ത്രി പറയുന്നത്. ഉറക്കം നടിക്കുന്ന സ്വഭാവമാണ് ഗവൺമെന്റ് സ്വീകരിക്കുന്നതെങ്കിൽ ഈ സബ്മിഷനുകളൊക്കെ അർത്ഥമില്ലാതാവുകയാണ്. ഞാൻ പറയുന്നത് വളരെ പ്രധാനപ്പെട്ട ഒരു മേഖലയെ കുറിച്ചാണ്. മൽസ്യത്തൊഴിലാളി മേഖലയിലെ സ്ഥിതിയെക്കുറിച്ചാണ്. നമ്മുടെ സംസ്ഥാനത്ത് മൽസ്യത്തൊഴിലാളി ക്ഷേമ ബോർഡ്, തൊഴിലാളികൾക്കുള്ള ക്ഷേമ പദ്ധതികളൊക്കെ കഴിഞ്ഞ ആറ് മാസമായി നിർത്തിവച്ചിരിക്കുകയാണ്. കഴിഞ്ഞ ആറ് മാസക്കാലമായി ഒരു ആനുകൂല്യവും വിതരണം ചെയ്യുന്നില്ല. മൽസ്യത്തൊഴിലാളികൾക്കായി കാലാകാലങ്ങളായി ഏതാണ്ട് 21 ക്ഷേമ പദ്ധതികളാണ് പ്രഖ്യാപിക്കപ്പെട്ടിട്ടുള്ളത്. ആ ക്ഷേമപദ്ധതികളിൽപ്പെട്ട ആനുകൂല്യങ്ങളൊന്നും കഴിഞ്ഞ ആറ് മാസമായി വിതരണം ചെയ്യുന്നില്ല. ഫിഷറീസ് മന്ത്രാലയത്തിൽ നിന്നുള്ള അറിയിപ്പനുസരിച്ചാണ് ഈ ക്ഷേമപദ്ധതികൾക്കുള്ള ആനുകൂല്യങ്ങളൊക്കെ നിർത്തിവച്ചിരിക്കുന്നത് എന്നാണ് ആക്ഷേപം ഉയർന്നു വന്നിട്ടുള്ളത്. മൽസ്യത്തൊഴിലാളികൾ അടയ്ക്കുന്ന ക്ഷേമനിധി വിഹിതം തിരികെ കൊടുക്കാൻ സർക്കാർ തയ്യാറാകുന്നില്ല. ഗ്രൂപ്പ് ഇൻഷ്വറൻസ്, അപകടചികിൽസാ സഹായം, അപകടമരണത്തിനുള്ള

LIBRARY ARCHIVES Kerala Legislative Assembly